## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **498** | 25.10.2016-ലെ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>,, എ. എൻ. ഷംസീർ<br>,, കെ. കെ. രാമചന്ദ്രൻ നായർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനു ലഭിക്കാവുന്ന ആകെ നികുതിയിൽ ഉണ്ടാകാനിടയുള്ള വ്യതിയാന സാധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; നിലവിൽ ലഭിക്കുന്നതിലും കുറവാണുണ്ടാകുന്നതെങ്കിൽ ആയത് നഷ്ടപരിഹാരമായി ലഭിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ എത്ര കാലത്തേക്ക് ലഭിക്കുമെന്ന് അറിയിക്കുമോ; | (എ) | ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനു പുറമേ സേവനങ്ങൾക്ക്മേലുള്ള നികുതിയും സംസ്ഥാനത്തിനു ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ്, തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ തന്നെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സേവന നികുതി വിഹിതം കൂടി ലഭിക്കുന്നതിലൂടെ കേരളത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെ വിലയിരുത്തപ്പെട്ടിട്ടുള്ളത്.<br><br>ജി. എസ്. ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാനനഷ്ടം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങളുടെ ഈ ആവശ്യം അംഗീകരിച്ചുകൊണ്ട് ഇതിനുള്ള വകുപ്പ് ഭരണഘടനാഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം Goods and Service Tax Council ന്റെ ശുപാർശ അനുസരിച്ച് പാർലമെന്റ് നിയമനിർമ്മാണത്തിലൂടെ ജി. എസ്. ടി. നടപ്പിലാക്കിയ ശേഷമുള്ള ആദ്യത്തെ 5 |

| | | | |
|---|---|---|---|
| | | | വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |
| (ബി) | കേന്ദ്ര-സംസ്ഥാന ഇരട്ട ജി.എസ്.ടി. സമ്പ്രദായത്തിൽ നികുതി പിരിവു സംവിധാനത്തിൽ എന്തുമാറ്റമാണ് നടപ്പിലാക്കേണ്ടി വരികയെന്ന് അറിയിക്കാമോ; കേന്ദ്ര നികുതിവിഹിതം കൂടി പിരിച്ചു നൽകേണ്ട ബാധ്യത സംസ്ഥാനത്തിനാണോ; എങ്കിൽ സംസ്ഥാനത്തെ വാണിജ്യ നികുതി വകുപ്പിന്റെ ഘടന ഏതു തരത്തിൽ മാറേണ്ടതായി വരും; | (ബി) യും (സി) യും | ഒന്നരക്കോടി രൂപ വരെ turn over ഉള്ള ചെറുകിടക്കാരായ വ്യാപാരികൾക്കായി സംസ്ഥാന ജി. എസ്. ടി. യുടേയും കേന്ദ്ര ജി. എസ്. ടി. യുടേയും ഭരണനിർവ്വഹണം ഒരൊറ്റ നികുതി അധികാരി തന്നെ നടത്തണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളത്. ഇതിന്മേൽ അന്തിമതീരുമാനം ആയിട്ടില്ല. ഇപ്പോഴുള്ള മാതൃകാ ജി. എസ്. ടി. നിയമമനുസരിച്ച് കേന്ദ്ര നികുതി വിഹിതം കൂടി പിരിച്ചു നൽകേണ്ട ബാധ്യത സംസ്ഥാനത്തിനുണ്ട്. സേവനമേഖലയിൽ പുതിയതായി സംസ്ഥാനത്തിന് നികുതി ചുമത്തേണ്ടിവരികയാണെങ്കിൽ ആവശ്യമുള്ള പക്ഷം സംസ്ഥാന വാണിജ്യ നികുതി വകുപ്പിന്റെ പുന:സംഘടനയെപ്പറ്റി ആലോചിക്കുന്നതാണ്. |
| (സി) | ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ളവരിൽ നിന്നും നികുതി സമാഹരിക്കുന്നതിനുള്ള ഇരട്ട മാർഗ്ഗമെന്താണെന്ന് അറിയിക്കാമോ; | | |
| (ഡി) | സംസ്ഥാനങ്ങളുമായി നിലവിൽ പങ്കുവയ്ക്കാത്ത സേവന നികുതി, ജി.എസ്.ടി. യുടെ ഭാഗമായി സംസ്ഥാനങ്ങൾക്ക് കൂടി ലഭ്യമാകുമോ? | (ഡി) | വ്യാപാരിയിൽ നിന്ന് ഉപഭോക്താവിലേക്കുള്ള അന്തർസംസ്ഥാന ഇടപാടുകളിന്മേലുള്ള വീതം വയ്ക്കാത്തതും വർഷാന്ത്യത്തിൽ മിച്ചം വരുന്നതുമായ ക്രെഡിറ്റ് divisible pool ൽ ഉൾപ്പെടുത്തി അത് ഇറക്കുമതി സേവനം ലഭ്യമാക്കുന്ന സംസ്ഥാനത്തിന് നൽകണമെന്നും IGST അക്കൗണ്ടിൽ മിച്ചം വരുന്ന തുക ഫിനാൻസ് കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുലയനുസരിച്ച് സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കപ്പെടേണ്ടതാണെന്നും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**